കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വിംഗ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ
മണ്ണുത്തി, തൃശ്ശൂർ – 680 651
വെബ് സൈറ്റ്- **www.kvasu.ac.in** ഇ- മെയിൽ- **eemty@kvasu.ac.in**

**No. EE/IDW-MTY/35/2024(B)** തീയതി. 08.07.2024

## ഓടിട്ട കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള പുനർ ലേല പരസ്യം

ഡയറക്ടർ, ഐ.ഡി.വിങ്ങ്, പൂക്കോടിന്റെ 25/06/2024 തീയതിയിലെ കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യു/ജി–50649/2024(1) നമ്പർ കത്ത് പ്രകാരം, മണ്ണുത്തി, വെറ്ററിനറി സർവകലാശാലയിൽ പുതിയ വെച്ചൂർ ഷെഡ് നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു ഓടിട്ട കെട്ടിടത്തിന്റെ ഭാഗം, പ്രസ്തുത കെട്ടിടത്തിന്റെ മറ്റ് ഭാഗങ്ങൾക്ക് നാശം വരാത്ത രീതിയിൽ പൊളിച്ചു മാറ്റി, തറ ഭൂനിരപ്പിലാക്കി നൽകുന്നതിനും, പൊളിച്ചു മാറ്റപ്പെട്ട സാമഗ്രികളിൽ മണ്ണ് ഒഴികെയുള്ള എല്ലാവിധ സാമഗ്രികളും കരാറുകാരന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്തതിലും സർവകലാശാലയുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു കേടുപാടുകളും സംഭവിക്കാത്ത തരത്തിൽ നീക്കം ചെയ്യുന്നതിനായി, താൽപര്യമുള്ള വ്യക്തികൾ/കരാറുകാർ എന്നിവരിൽ നിന്നും സർവകലാശാലയിലേയ്ക്ക് പ്രതിഫലമായി നൽകാൻ സന്നദ്ധമായ തുക രേഖപ്പെടുത്തികൊണ്ടുള്ള മത്സരാടിസ്ഥാനത്തിലുള്ള ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിരതദ്രവ്യം (രൂപ) |
|---|---|---|
| 1 | Implementation of RGM project "Genetic improvement of Vechur and Kasargod cattle of Kerala"- Construction of a new cattle shed for vechur farm, KVASU, Mannuthy - Tiled roofed building portion existed in the proposed site – to be dismantled (re-quotation) | Rs.5,000/- |

നിബന്ധകൾ:

1. താൽപര്യമുള്ള വ്യക്തികൾ/കരാറുകാർക്ക് 08.07.2024 മുതൽ 15.07.2024 വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും മണ്ണുത്തി ഐ. ഡി.വിംഗ് ഓഫീസുമായി ബന്ധപ്പെട്ട് മേൽ പ്രതിപാദിച്ച കെട്ടിടത്തിന്റെ നിജസ്ഥിതി സ്വയം ബോദ്ധ്യപ്പെടാവുന്നതാണ്.
2. ഓഫറിനോടൊപ്പം ആവശ്യപ്പെട്ട നിരതദ്രവ്യം അസ്സൽ ഡിപ്പോസിറ്റ് രസീതായി "എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ. ഡി.വിംഗ്, പൂക്കോടിന്റെ" പേരിൽ ഒടുക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. ഓഫറുകൾ, പ്രവർത്തിയുടെ പേരെഴുതി സീൽ ചെയ്ത കവറുകളിൽ 15.07.2024 ന് 3.00 മണിക്കുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ. ഡി.വിംഗ്, മണ്ണുത്തി തൃശ്ശൂർ 680 651

എന്ന മേൽ വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. വൈകി ലഭിക്കുന്ന ഓഫറുകൾ നിരസിക്കുന്നതും അന്നേദിവസം 3.30 മണിക്ക് ഹാജരുള്ള വ്യക്തികളുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും.

4. ലേലം ഉറപ്പിച്ച വ്യക്തികൾ/കരാറുകാർ ലേലതുക അംഗീകരിച്ച് ഉത്തരവ് ലഭ്യമായി 3 ദിവസത്തിനകം രേഖപ്പെടുത്തിയ നിരക്ക്, ആയതുപ്രകാരമുള്ള 18% ജി.എസ്.ടി തുക എന്നിവ സഹിതം സർവകലാശാലയിലേയ്ക്ക് അടക്കേണ്ടതും ബന്ധപ്പെട്ട ഉടമ്പടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്. സർവകലാശാല നിഷ്കർഷിക്കുന്ന തീയതി മുതൽ 10 ദിവസത്തിനുള്ളിൽ പൊളിച്ചുമാറ്റൽ പ്രക്രീയ പൂർത്തീകരിക്കേണ്ടതും പിന്നീട് വരുന്ന 5 ദിവസത്തിനുള്ളിൽ പൊളിച്ചു മാറ്റപ്പെട്ട സാമാഗ്രഹികൾ, അവശിഷ്ടങ്ങൾ (മണ്ണ് ഒഴികെ) എന്നിവ ക്യമ്പസിന് പുറത്തേക്ക് കൊണ്ടുപോകുന്നതിനാവശ്യമായ "ഗേറ്റ് പാസ്" എക്സിക്യുട്ടീവ് എഞ്ചിനീയർ, ഐ. ഡി.വിംഗ്, മണ്ണുത്തിയുടെ ഓഫീസ് മുഖാന്തിരം ലഭ്യമാക്കാവുന്നതുമാണ്.

5. നിർദ്ധിഷ്ട തീയതിക്കുശേഷം പൊളിച്ചുമാറ്റപ്പെട്ട സാമാഗ്രഹികൾ (മണ്ണ് ഒഴികെ) യൂണിവേഴ്സിറ്റി ക്യാമ്പസിൽ നിന്നും നീക്കം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുന്നതോ വൈകുന്നതോ ആയ സാഹചര്യത്തിൽ കൂടുതൽ ആവശ്യമായി വരുന്ന ദിനങ്ങൾക്ക് പ്രതിദിനം 1000/- രൂപ നിരക്കിൽ പിഴയായി ഐ. ഡി.വിംഗ് ഓഫീസിൽ അടക്കേണ്ട ബാധ്യത കരാറുകാരന് ഉണ്ടായിരിക്കുന്നതാണ്. ഇതിനുശേഷം മാത്രമേ ഗേറ്റ് പാസ് തുടർന്ന് അനുവദിക്കുകയുള്ളൂ.

സർക്കാർ നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ്. ലഭിച്ച ഓഫറുകൾ പരിശാധനയ്ക്കു വിധേയമാക്കി, ആവശ്യമെങ്കിൽ നിരസിക്കുന്നതിനോ ഒഴിവാക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥനിൽ നിഷിപ്തമാണ്.

( ഒപ്പ്)

എക്സിക്യുട്ടീവ് എഞ്ചിനീയർ

പകർപ്പ് : 1. സർവ്വകലാശാല വെബ്സൈറ്റ്

2. നോട്ടീസ് ബോർഡ്, ഐ. ഡി. വിഭാഗം, മണ്ണുത്തി/പൂക്കോട്
3. ഡയറക്ടർ, ഐ.ഡി.വിങ്ങ്, പൂക്കോട്
4. രജിസ്ട്രാർ, കെ.വി.എ.എസ്.യു, പൂക്കോട്
5. The Assistant Professor & PI, Dept. of AGB, CVAS, Mannuthy
6. The Professor & Head, ULF & FRDS, Mannuthy
7. Secretary – Trade Union/Employees organization, KVASU